## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1988

16/02/2016-ൽ മറുപടിക്ക്

### വനം വകുപ്പിലെ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും, ഗതാഗതവും, സ്പോർട്സും, സിനിമയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വനം വകുപ്പിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക വഴി എത്ര പേരെയാണ് ഇതുവരെ സ്ഥിരപ്പെടുത്തിയിട്ടുള്ളതെന്നും ഏതെല്ലാം തസ്തികകളിലാണ് സ്ഥിരപ്പെടുത്തൽ നടത്തിയിട്ടുള്ള- തെന്നും അതിനായി സ്വീകരിച്ചിട്ടുള്ള മാനദണ്ഡം ഏന്തെന്നും വെളിപ്പെടുത്തുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 247 താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 236 പേരെ വാച്ചർ തസ്തികയിൽ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും, ഒരാളെ ക്ലാർക്ക് തസ്തികയിലും, ഒരാളെ പാർട്ട്ടൈം സ്വീപ്പർ തസ്തികയിലും, 9 പേരെ ആനപാപ്പാൻ തസ്തികയിലുമാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. വനം വകുപ്പിൽ ദീർഘകാലമായി താല്ക്കാലികമായി ദിവസവേതനത്തിൽ ജോലി ചെയ്തു വന്നിരുന്നവരേയും ഈ ജോലിയല്ലാതെ മറ്റു ജീവിതമാർഗങ്ങൾ ഒന്നും തന്നെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിലും വനം വകുപ്പിന് ഇവരുടെ സേവനം തുടർന്നും ആവശ്യമാണെന്ന് കണ്ടവരേയുമാണ് സ്ഥിരപ്പെടുത്തിയിട്ടുള്ളത്. |
| (ബി) വനം വകുപ്പിൽ താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്ന തിന് പുറത്തിറക്കിയ ഉത്തരവു കളുടെ പകർപ്പ് ലഭ്യമാക്കിയോ; കൂടുതൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ആലോചി ക്കുന്നുണ്ടോ; എങ്കിൽ വിശദാംശ ങ്ങൾ വെളിപ്പെടുത്തുമോ; | (ബി) വനം വകുപ്പിൽ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. 01.09.2013 ൽ 20 വർഷം പൂർത്തിയാക്കിയ ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തിയതിൽ ഉൾപ്പെടുത്തുവാൻ വിട്ടുപോയ ജീവനക്കാരെ കൂടി സ്ഥിരപ്പെടുത്തുന്ന വിഷയം പരിശോധിച്ചു വരുന്നു. |

| | |
|---|---|
| (സി) നിലവിൽ ജോലി ചെയ്യുന്നതും 20 വർഷം പൂർത്തിയാക്കിയതുമായ ജീവനക്കാരെ സ്ഥിരപ്പെടുത്തിയ ജീവനക്കാരുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | (സി) നിലവിൽ ജോലി ചെയ്യുന്നതും 01.09.2013 ൽ 20 വർഷം പൂർത്തിയാക്കിയ ദിവസവേതനക്കാരെ സ്ഥിരപ്പെടുത്തിയ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**